


## കഥാപാത്രങ്ങൾ

| | |
|---|---|
| ശലോമൻ | യിസ്രയേൽ രാജാവ് |
| നികൗലിസ് | ഷീബയിലെ രാജ്ഞി |
| യിസ്രയേൽ രാജ്ഞി | ശലോമന്റെ മകൻ രെഹോബയാമിന്റെ അമ്മ |
| മൽക | നികൗലിസിന്റെ ചേടി |
| അഹിഷാർ | കൊട്ടാരം വിചാരിപ്പുകാരൻ |
| അദോനിര്യാം | സർവ്വാധികാര്യക്കാർ |
| അസറിയ | ഒരു മതപുരോഹിതൻ |
| ബനയാ | സേനാധിപതി |

(യഹൂദാ പ്രഭുക്കന്മാർ, മതപുരോഹിതന്മാർ, വർത്തക പ്രമുഖന്മാർ, ഭടന്മാർ, സ്ത്രീകൾ തുടങ്ങിയവർ)

സ്ഥലം. ഒന്നാമങ്കം. ഗിബയോൺ മറ്റങ്കങ്ങൾ. യെരുശലേം

# പൂർവാങ്കം

(ഒരു ക്രിസ്ത്യൻ ഭവനത്തിലെ വിശാലമായ മുറി. നേരേ കാണുന്ന ചുവരിന്ന് നടുക്ക് ഇട്ടിരിക്കുന്ന കസേരയിലിരുന്ന് ഒരു ബാലിക മുമ്പിലുള്ള മേശയിൽ നിവർത്തിവെച്ചിരിക്കുന്ന വലിയ ബൈബിളിൽ വിരൽ ചൂണ്ടി വായിക്കയാണ്; നിശ്ശബ്ദമായ വായന. അവളേക്കാൾ രണ്ടോ മൂന്നോ വയസ്സ് കൂടുതൽ തോന്നിക്കുന്ന സഹോദരൻ മുറിയുടെ ഇടതുവശത്ത് വെച്ചിരിക്കുന്ന ഓർഗൻ മന്ദമായി വായിക്കുന്നു. പശ്ചാത്തലത്തിൽ ഗംഭീരസ്വരത്തിൽ വേദവായന കേൾക്കാം)

.....ദാവീദിന്റെ മകനായ ശലോമൻ തന്റെ രാജത്വത്തിൽ സ്ഥിരപ്പെട്ടു; അവന്റെ ദൈവമായ യഹോവ അവനോടു കൂടെയിരുന്നു അവനെ അത്യന്തം മഹത്വപ്പെടുത്തി. ശലോമൻ എല്ലാ യിസ്രയേലിനോടും, സഹസ്രാധിപന്മാരോടും, ശതാധിപന്മാരോടും, ന്യായാധിപന്മാരോടും എല്ലാ യിസ്രയേലിന്റെയും പിതൃഭവനത്തലവന്മാരായ സകലപ്രഭുക്കന്മാരോടും സംസാരിച്ചിട്ട് സർവസഭയുമായി ഗിബയോണിലെ പൂജാഗിരിക്കു പോയി. യഹോവയുടെ ദാസനായ മോശെ മരുഭൂമിയിൽ വെച്ചുണ്ടാക്കിയ ദൈവത്തിന്റെ സമാഗമ കൂടാരം അവിടെയായിരുന്നു. എന്നാൽ ദൈവത്തിന്റെ പെട്ടകം ദാവീദ് കിര്യത്ത്- യെയരാമിൽ നിന്നു താൻ അതിനായി ഒരുക്കിയിരുന്ന സ്ഥലത്തേക്ക് കൊണ്ടുപോന്നു; അവൻ അതിനായി യരുശലേമിൽ ഒരു കൂടാരം അടിച്ചിരുന്നു. ഹൂരിന്റെ മകനായ ഊരിയുടെ മകൻ ബെസലേൽ ഉണ്ടാക്കിയ താമ്രയാഗപീഠവും അവിടെ യഹോവയുടെ തിരുനിവാസത്തിനു മുമ്പിൽ ഉണ്ടായിരുന്നു. അവിടെ ശലോമനും സഭയും അവനോടു പ്രാർത്ഥിച്ചു. ശലോമൻ അവിടെ യഹോവയുടെ സന്നിധിയിൽ സമാഗമന കൂടാരത്തിലെ താമ്രപീഠത്തിങ്കലേക്ക് ചെന്നു അതിന്മേൽ ആയിരം യാഗം കഴിച്ചു.....

(വായന നിർത്തി, ഉറക്കച്ചടവുള്ള കുട്ടി തുറന്നു വെച്ചിരിക്കുന്ന ബൈബിളിൽ തലതാഴ്ത്തിയുറങ്ങുന്നു. അവളുടെ സഹോദരൻ ഓർഗൻ നിർത്തി മുകളിൽ നിന്ന് എന്തോ ശബ്ദം കേട്ടതുപോലെ അങ്ങോട്ടു നോക്കുന്നു. വേദവായനയും താഴ്ന്ന ശബ്ദത്തിലായി ക്രമേണ നിലച്ചു പോകുന്നു. പെട്ടെന്ന് കല്പണിക്കാർ, ആശാരിമാർ തുടങ്ങിയവരുടെ ഉപകരണങ്ങൾ കൂട്ടി മുട്ടുന്ന ശബ്ദം ഉയർന്നു കേൾക്കുന്നു.)

**കർട്ടൻ**

# ഒന്നാമങ്കം

**ഒന്നാം രംഗം**

(ഗിബയോണിലെ പ്രധാന പൂജാഗിരിയാണ് രംഗം. ഒരു വലിയ മൈതാനത്തിന്റെ നടുക്ക് അധികം പൊക്കമില്ലാത്ത ഒരു പീഠമുണ്ട്. അത് വിവിധ നിറമുള്ള മേൽക്കട്ടികൊണ്ട് അലങ്കരിച്ചിരിക്കുന്നു. പീഠത്തിൽ ഒരു ചെമ്പു പാത്രം കാണാം. അതിന്റെ വക്കത്തുനിന്ന് രക്തമെന്നു തോന്നിക്കുന്ന ചുവന്ന ദ്രാവകം കുറേശ്ശെ ഒലിച്ചിരിക്കുന്നു. പീഠത്തിന് രണ്ടു വശത്തും ഓരോ മുക്കാലികൾ വെച്ചിരിക്കുന്നതിൽ നിന്ന് കുന്തിരിക്കം, ചന്ദനം മുതലായവ കത്തിയെരിഞ്ഞ് ധൂമം മുകളിലോട്ടുയരുന്നു. മുക്കാലികളിൽ നിന്നു രണ്ടുമൂന്നു അടി അകലെയായി ഓരോ വശത്തും പന്തം കത്തിച്ചു വെച്ചിട്ടുണ്ട്. പന്തത്തിന്റെ വെളിച്ചത്തിലാണ് നാം രംഗത്തെ നടപടികൾ കാണുന്നത്. പ്രഭുക്കന്മാർ, മതപുരോഹിതന്മാർ, പൗരമുഖ്യർ എന്നിവർ പീഠത്തിനു ചുറ്റും കൂടിയിരിക്കുന്നു. അവരെല്ലാം മുട്ടുമടക്കി നിലത്തിരുന്ന് കൈകൾ രണ്ടും മേല്പോട്ടു നീട്ടി ആകാശത്തേക്ക് നോക്കി പ്രാർത്ഥിക്കുന്ന നിലയിൽ കാണപ്പെടുന്നു. കർട്ടൻ ഉയരുമ്പോൾ ശലോമൻ പീഠത്തിലുള്ള ചെമ്പു പാത്രത്തിൽ നിന്ന് ഒരു ചഷകത്തിലേക്ക് കുറച്ചു ദ്രാവകം പകർന്നു കൈയുയർത്തി ഇരുവശത്തേക്കും ആട്ടുന്നു. പിന്നീട് അദ്ദേഹം അത് തഴെ വെച്ചിട്ട് മറ്റുള്ളവരോടൊപ്പം മുട്ടു മടക്കി നിലത്തിരുന്ന് പ്രാർത്ഥന തുടങ്ങുന്നു. സമയം സന്ധ്യ)

**ശലോമൻ:** (ഇരു കൈകളും ആകാശത്തേക്കുയർത്തി ഭക്തിപുരസ്സരം) യിസ്രയേലിന്റെ ദൈവമായ യഹോവേ, പൂർണ്ണഹൃദയത്തോടെ നിന്റെ മുമ്പാകെ നടക്കുന്ന നിന്റെ ദാസന്മാർക്കായി നിയമവും ദയയും പാലിക്കുന്ന നിന്നെപ്പോലെ മീതെ സ്വർഗ്ഗത്തിലും താഴെ ഭൂമിയിലും യാതൊരു ദൈവവുമില്ല. നീ എന്റെ അപ്പനായ ദാവീദ് എന്ന നിന്റെ ദാസന് ചെയ്ത വാഗ്ദാനം പാലിച്ചിരിക്കുന്നു. ആകയാൽ യിസ്രയേലിന്റെ ദൈവമായ യഹോവേ, നീ എന്റെ അപ്പനായ ദാവീദ് എന്ന നിന്റെ ദാസനോട്: നീ എന്റെ മുമ്പാകെ നടന്നതുപോലെ നിന്റെ പുത്രന്മാരും എന്റെ മുമ്പാകെ നടക്കത്തക്ക വണ്ണം തങ്ങളുടെ വഴി സൂക്ഷിക്ക മാത്രം ചെയ്താൽ യിസ്രയേലിന്റെ സിംഹാസനത്തിൽ ഇരുപ്പാൻ നിനക്ക് ഒരു പുരുഷൻ എന്റെ മുമ്പാകെ ഇല്ലാതെ വരികില്ല എന്ന് അരുളിചെയ്തിരിക്കുന്നത് നിവർത്തിക്കേണമേ! ഇപ്പോൾ യിസ്രയേലിന്റെ ദൈവമേ, അവിടുന്ന് യഥാർത്ഥമായ ഭൂമിയിൽ വസിക്കുമോ? സ്വർഗ്ഗത്തിലും സ്വർഗ്ഗാധി സ്വർഗ്ഗത്തിലും നീ അടങ്ങുകയില്ലല്ലൊ; പിന്നെ ഞാൻ പണിതിരിക്കുന്ന ഈ ആലയത്തിൽ അടങ്ങുന്നതെങ്ങനെ? എങ്കിലും എന്റെ ദൈവമായ യഹോവേ, അടിയൻ ഇന്നു തിരുമുമ്പിൽ നടത്തുന്ന നിലവിളിയും പ്രാർത്ഥനയും കേൾക്കേണ്ടതിന് അടിയന്റെ പ്രാർത്ഥനയി

ലേക്കും യാചനയിലേക്കും തിരിഞ്ഞു കടാക്ഷിക്കേണമേ! ഈ സ്ഥലത്ത് വെച്ച് പ്രാർത്ഥിപ്പാനിരിക്കുന്ന അടിയന്റെയും നിന്റെ ജനമായ യിസ്രയേലിന്റെയും യാചന കേൾക്കേണമേ!........... എന്റെ ദൈവമായ യഹോവ വാഗ്ദാനം ചെയ്തതുപോലെ എന്റെ അപ്പനായ ദാവീദിനു പകരം ഞാൻ എഴുന്നേറ്റ് യിസ്രയേലിന്റെ സിംഹാസനത്തിൽ ഇരിക്കുന്നു; യിസ്രയേലിന്റെ ദൈവമായ യഹോവയുടെ നാമത്തിന് ഒരാലയവും പണിതിരിക്കുന്നു! .......

(അണിയറക്കു പിന്നിൽനിന്ന് കൈത്താളം, കിന്നരം എന്നിവകൊണ്ട് ഒന്നു രണ്ടു മിനുട്ടു നേരത്തേക്ക് ചില വാദ്യമേളങ്ങൾ കേൾക്കുന്നു.)

ശലോമൻ: യഹോവ അനുഗ്രഹിക്കട്ടെ!

(എല്ലാവരും കുനിഞ്ഞ് മൂന്നു പ്രാവശ്യം നിലംതൊട്ടു വന്ദിച്ചു പോകുന്നു.)

*(കർട്ടൻ)*

(തുടരും.....)